# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026

## മാർഗ്ഗരേഖ




## ഗവ. യു. പി. എസ് കണ്ണമംഗലം

## സ്കൂൾ വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഗവ. യു. പി. എസ് കണ്ണമംഗലം |
| സ്ഥാപിതം | : 1888 |
| വിലാസം | : ചെട്ടികുളങ്ങര പി . ഓ , ആലപ്പുഴ |
| പിൻകോഡ് | : 690106 |
| സ്കൂൾ കോഡ് | : 36278 |
| യുഡൈസ് | : 32110700302 |
| ഇ മെയിൽ | : 36278alappuzha@gmail.com |
| ഫോൺ നമ്പർ | : 0479 2345414 |
| ക്ലാസുകൾ | : 1 മുതൽ 7 വരെ |
| വിദ്യാഭ്യാസ ഉപജില്ല | : മാവേലിക്കര |
| വിദ്യാഭ്യാസ ജില്ല | : ആലപ്പുഴ |
| റവന്യു ജില്ല | : ആലപ്പുഴ |
| ഡയറ്റ് | : ആലപ്പുഴ |
| എസ് എസ് കെ / ബി ആർ സി | : മാവേലിക്കര |
| പഞ്ചായത്ത് | : ചെട്ടികുളങ്ങര |
| വാർഡ് | : 5 |
| നിയമസഭ മണ്ഡലം | : കായംകുളം |
| ലോകസഭ മണ്ഡലം | : ആലപ്പുഴ |
| താലൂക്ക് | : മാവേലിക്കര |
| വില്ലേജ് | : കണ്ണമംഗലം |

---

| | |
|---|---|
| പ്രഥമാധ്യാപിക | : ശ്രീജ ബി |
| സ്റ്റാഫ് സെക്രട്ടറി | : ജെസ്സി അലക്സാണ്ടർ |
| എസ് ആർ ജി കൺവീനർ | : ജ്യോതി ലക്ഷ്മി . കെ |
| എസ് എം സി ചെയർപേഴ്സൺ | : കവിത പ്രേമ്ജിത്ത് |
| എം.പി.ടി.എ. പ്രസിഡണ്ട് | : രാജലക്ഷമി |
| അധ്യാപകരുടെ എണ്ണം | : 16 |
| ഓഫീസ് സ്റ്റാഫ് | : 2 |

## ആമുഖം

ചെട്ടികുളങ്ങര ഗ്രാമത്തിന്റെ വിദ്യാലയ മുത്തശ്ശിയായ കണ്ണമംഗലം ജി.യു.പി സ്കൂൾ 1888-ലാണ് സ്ഥാപിതമായത്. ചെട്ടികുളങ്ങര പഞ്ചായത്തിൽ കണ്ണമംഗലം വില്ലേജിൽ ആദ്യം ഉണ്ടായ സ്കൂളാണിത്. എല്ലാ ജാതിയിലും പെട്ട പെൺകുട്ടികൾക്കു പഠിക്കാൻ വേണ്ടിയാണ് ഈ സ്കൂൾ സ്ഥാപിച്ചത്. ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ അസംബ്ളിയിൽ ഈ സ്കൂളിന്റെ ചരിത്രരേഖ കാണുന്നു..ആദ്യ കാലത്ത് 600-ൽ പരം കുട്ടികൾ അധ്യയനം നടത്തിയിരുന്നു.പൊതുവിദ്യാലയങ്ങളിൽ കുട്ടികൾകുറഞ്ഞതോടെ ഈ സ്കൂളിലും കാലക്രമേണ കുട്ടികളുടെ കുറവുണ്ടായി. 2016-17 അധ്യയന വർഷമായപ്പോഴേക്കും 45കുട്ടികൾ മത്രമാണ് ഈ സ്ക്കൂളിൽ ഉണ്ടായിരുന്നത്. എന്നാൽ ചിട്ടയായ പ്രവർത്തനങ്ങളിലൂടെ 2021-22-ൽ പ്രീപ്രൈമറി ഉൾപ്പെടെ 313 കുട്ടകളായും ഉയർന്ന് മികച്ച ഒരു വിദ്യാലയമായി മാറിക്കൊണ്ടിരിക്കുന്നു. ഈ സ്ക്കൂളിൽ നിന്നും പഠിച്ചിറങ്ങിയ ധാരാളം പേർ സമൂഹത്തിന്റെ വിവിധ മേഖലകളിൽ ഉന്നതിയിൽ എത്തിയവരുണ്ട് വിദ്യയുടെ ആദ്യ വെളിച്ചം നാടിനു നൽകിയ ഈ സരസ്വതീക്ഷേത്രത്തിൽ അറിവിന്റെ ആദ്യാക്ഷരം കുറിച്ചവർ വിവിധ മേഖലകളിൽ ജീവിത വിജയം നേടി.

പൊതുവിദ്യാഭ്യാസ മേഖല മുന്നോട്ട് വയ്ക്കുന്ന സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി സ്കൂൾ ആർജിച്ച മികവു കൂടുതൽ ഉയരങ്ങളിലേക്ക് എത്തിക്കുന്നതിനും , ഭാവി ലോകം ആവശ്യപ്പെടുന്ന അറിവും കഴിവുകളും വിദ്യാർത്ഥികളിൽ വളർത്തുന്നതിനും പുതു ലോകത്തിന്റെ വെല്ലുവിളികളെ ധൈര്യത്തോടെ നേരിടുന്നതിനും ഞങ്ങൾ ഓരോത്തരും പ്രതിജ്ഞാബന്ധരാണ്. അതിനായി 2025 - 2026 വർഷത്തെ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തു കൊണ്ട് മാർഗ്ഗരേഖ എന്ന പുതിയ അക്കാദമിക മാസ്റ്റർ പ്ലാൻ രൂപകല്പന ചെയ്യുകയാണ്.

വിദ്യാർത്ഥികളുടെ പഠന നിലവാരവും സർവ്വതോമ്മുഖ വികസനവും ഉറപ്പാക്കുന്നതിനായി രൂപീകരിച്ചിരിക്കുന്നതാണ്. പാഠ്യപദ്ധതി കാലാനുസൃതമായി പുതുക്കുകയും ICT ഉൾപ്പെടുത്തിയ പഠനരീതികൾ പ്രയോഗിക്കുകയും ചെയ്യും. അധ്യാപകർ ക്ലാസ് പ്ലാൻ തയ്യാറാക്കി സ്മാർട്ട് ക്ലാസ്, ഗ്രൂപ്പ് പ്രവർത്തനം, പ്രോജക്റ്റ് അടിസ്ഥാന പഠനം എന്നിവ നടപ്പാക്കും. പഠനഫലം വിലയിരുത്തുന്നതിനായി മാസാന്ത പരീക്ഷകൾ, യൂണിറ്റ് ടെസ്റ്റുകൾ, മിഡ് ടെർമും വാർഷിക പരീക്ഷകളും സംഘടിപ്പിക്കും. സ്കൂൾ വിദ്യാർത്ഥികളുടെ വിജയം മാത്രമല്ല, അവരുടെ ഉത്തരവാദിത്തബോധവും സൃഷ്ടിപരമായ കഴിവുകളും ഉയർത്താൻ സഹായകമാകും.

## **അക്കാദമിക ലക്ഷ്യങ്ങൾ**

- പഠനത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുക
- വിദ്യാർത്ഥികളുടെ സർവ്വതോമ്മുഖ വികസനം ഉറപ്പാക്കുക
- അധ്യാപകരുടെ പ്രൊഫഷണൽ വളർച്ച പ്രോത്സാഹിപ്പിക്കുക
- ICT അടിസ്ഥാന പഠനം വികസിപ്പിക്കുക
- സ്കൂളിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക
- മാതൃഭാഷയോടൊപ്പം ഇംഗ്ലീഷ് ഭാഷയിൽ പ്രാഗത്ഭ്യം നേടാനായി കുട്ടികളെ പ്രാപ്തരാക്കുക
- കായികക്ഷമത കുട്ടികളിൽ വളർത്തിയെടുക്കുക
- പ്രതിഭാ പോഷണത്തിനായി വിവിധ സ്കോളർഷിപ്പ് പരീക്ഷകൾക്ക് പരിശീലനം നൽകുക
- കൗൺസലിംഗ് സംവിധാനത്തെ ക്രിയാത്മകമാക്കുക
- മാതൃകാപരമായ എസ് ആർ ജി യുടെ പ്രവർത്തനതലങ്ങൾ രൂപപ്പെടുത്തി പരിചയപ്പെടുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുക

# Academic master plan

## STD 1

## English

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes.

- Respond to simple instructions in the classroom.
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with Rhythm and action.
- Familiarise the names of birds, animals, their young ones and identifies them from pictures.

June

- Introduce symbol words.
- Provides picture cards.

July

- Identify familiar words.
- Say familiar words.
- Read familiar words.
- Write familiar words.

August

- Enjoy songs and sings them with Rhythm and action.
- Describes orally about pictures and objects using adjectives.

September

- Read and write simple words and Simple sentences
- Provides picture cards and reading cards.

October

- Introduce symbol picture descriptions.
- Make word chain, sentence chain.
- Make riddles.
- Describing words, rhyming words.
- Text book activities.

November

- Prepare reading cards.
- Provide more opportunities to read, right and speak English.
- Writes five English words daily.

December

- Read and understand simple instructions in the classroom.
- Encourage digital reading.

January.

- Enjoy songs and sings them with Rhythm and action.
- Make picture albums.
- Collect pictures of animals and its young ones.

February

- provide the opportunity to express myself in the classroom.
- English assembly once in a week.

March

- Speaks English fluently.
- Read and write simple sentences
- Picture reading and picture description.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഒന്നാം ക്ലാസ്സ്

### മലയാളം

## ആമുഖം

ഒന്നാം ക്ലാസിലെ കട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കട്ടിയും സുരക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേട്ടമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- കട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തന ലക്ഷ്യങ്ങൾ
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- പശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു..
- സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശിൽപശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

## ജൂൺ

പ്രവർത്തനങ്ങൾ

- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

- അക്കാദമി മാസ്റ്റർ പ്ലാൻ അവതരണം
- ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
- താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

ജൂലൈ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
- വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

ഓഗസ്റ്റ്

പ്രവർത്തനങ്ങൾ

- റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
- ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ
- എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- അനുഭവവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

ഒക്ടോബർ

പ്രവർത്തനങ്ങൾ

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 1

### ഗണിതം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യാധാരയിൽ എത്തിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ

- ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ ആകുന്നു.
- രണ്ട് ഒരൊക്ക സംഖ്യകളുടെ സങ്കലനം.
- രണ്ട് ഉറക്ക സംഖ്യകളുടെ വ്യവകലനം.
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം.
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒരക്ക സംഖ്യപാറ്റേൺ രൂപീകരിക്കൽ.
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ
- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ.

ജൂലൈ
- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

ഓഗസ്റ്റ്
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ
- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

ഒക്ടോബർ
- ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ.
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

നവംബർ

Downloaded from: https://textbooksall.blogspot.com/

മേഖല – അക്കാദമികം

ഉപമേഖല – ഭാഷ

ക്ലാസ് – II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപ ങ്ങളിലുള്ള ലേഖന മികവ് | 1) എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പു കൾ<br>2) ലഘുപതി പ്പുകൾ തയ്യാറാ ക്കൽ. | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>ക്ലബ്ബുകൾ<br>മദർ പി. ടി. എ<br>സ്റ്റാഫ്. | ടങ്ങ<br>മദർ പി.ടി.എ |
| സർഗാത്മകതയെ തട്ടിയു ണർത്താം | 1) രചനാശില്പ ശാല കഥ, കവിത, രചന കൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അദ്ധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖ വ്യക്തി കൾ | SRG<br>SMC |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ<br>ക്ലാസുകൾ<br>പോസ്റ്റർ രചനാ മത്സരം<br>അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ<br>SRG<br>SMC | SMC |
| പ്രകൃതിയെ അറിയാൻ. | പ്രകൃതി നടത്തം<br>കാഴ്ചബംഗ്ലാവിലേക്ക്.<br>കാണാക്കാഴ്ചകൾ - ഇഉ | സപ്തംബർ<br>ഡിസംബർ | ടീച്ചേർസ്<br>SRG<br>SMC | |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം.<br>കൃഷിയിടത്തിലേക്ക്.<br>നമുക്കും കർഷകരാകാം | ജനുവരി | SRG<br>SMC<br>നാട്ടുകാർ | |

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **വായന**<br>മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ക്ലാസ് ലൈബ്രറി വികസനം | അധ്യയന വർഷം മുഴുവൻ | സി പി ടി എ | സി പി ടി എ |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപകൻ | അധ്യാപകൻ |
| | അമ്മ വായന<br>അമ്മമാരുടെ വായനാകുറിപ്പുകൾ സി പി ടി എ കളിൽ അവതരിപ്പിക്കുന്നു | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |
| | വായനാകാർഡുകൾ തയ്യാറാക്കൽ | ജൂൺ - ജൂലൈ | അധ്യാപകൻ | സി പി ടി എ |
| **ലേഖനം**<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക<br>- അക്ഷരം തെറ്റു കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക<br>ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ<br>ജൂൺ 19 വായനാദിനം<br>വായനാവാരം<br>ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ<br>ആഗസ്റ്റ് 9 നാഗസാക്കി ദിനം | ജൂൺ<br>ജൂൺ<br>ആഗസ്റ്റ് | അധ്യാപകൻ | സി പി ടി എ |





| | | | | |
|---|---|---|---|---|
| | പോസ്റ്റർ<br>ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം<br>സെപ്റ്റംബർ 5 അധ്യാപക ദിനം പഴയകാല അധ്യാപകരുമായി അഭിമുഖം<br>ഒക്ടോബർ 2 ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ<br>ഒക്ടോബർ 10 ദേശീയ തപാൽ ദിനം കൂട്ടുകാരനൊരു കത്ത്<br>നവംബർ 1 കേരളപ്പിറവി പ്രസംഗം<br>നവംബർ 14 ശിശുദിനം | ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>ഒക്ടോബർ<br>നവംബർ | | |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ<br>വേദി - സി പി ടി എ | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം | സസ്യങ്ങളെ തരംതിരിക്കൽ<br>പ്രകൃതി നടത്തം - (പാടം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം ) | ജൂൺ, ജൂലൈ | അധ്യാപകൻ | ഇല്ല |
| പ്രകൃതി സംരക്ഷണം | • മണ്ണ് ,ജലം , വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക<br>• മഴക്കുഴി നിർമാണം<br>• വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർ മസേനക്ക് കൈമാറൽ | ആഗസ്റ്റ് - സെപ്റ്റംബർ | • അധ്യാപകൻ<br>• പി ടി എ<br>• ഹരിതകർ മസേന - പി ടി എ | • പി ടി എ |
| വ്യക്തി ശുചിത്വം | • കൈ കഴുകൽ - പരിശീലനം<br>• പോസ്റ്റർ നിർമാണം ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്റ്റംബർ- ഒക്ടോബർ | ജെ ആർ സി യൂണിറ്റ്<br>അധ്യാപകൻ, കുട്ടികൾ | പി ടി എ<br>ഇല്ല |





# ENGLISH

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| To study alphabets | • PRE-TEST<br>• Write simple words | June - July | Teacher, Students | P T A |
| To study , write and read simple words | Circle the word from TB and read | August - September | Teacher, Students | Nil |
| Create more opportunities for English speaking in the class room | Class room communication should be in English, like May I drinks some water ? May I Go to bathroom ?<br>• Hello.<br>• Hello, everyone.<br>• Good morning.<br>• Good morning everyone.<br>• Good morning class.<br>• Good Afternoon everyone.<br>• How are you?<br>• How are you all?<br>• How are you today?<br>• Let me take attendance etc | Academic year | Teacher, Students, Parents | Nil |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുരം ,വൃത്തം ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം,ത്രികോണം ,വൃത്തം എന്നിവ നിർമിക്കുന്നു. | ജൂൺ, ജൂലൈ | അധ്യാപകൻ, സി പി ടി എ | ഇല്ല |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാപാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപകൻ | ഇല്ല |
| | • നാണയങ്ങൾ, കളിനോട്ടുകൾ<br>• പാറ്റേണുകൾ (ഗണിത ക്ലബ്ബ് ) | ആഗസ്റ്റ് | അധ്യാപകൻ, കുട്ടികൾ | സി പി ടി എ |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| സങ്കലന- വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | • *മനഃ കണക്കുകൾ*<br>• *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ* | ഒക്ടോബർ - നവംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| ഗുണന വസ്തുതകൾ നേടൽ | • *മനഃ കണക്കുകൾ*<br>• *മഞ്ചാടിക്കളി* | ഡിസംബർ - ജനുവരി | അധ്യാപകൻ, കുട്ടികൾ, സി പി ടി എ | ഇല്ല |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ*<br>• *ഐ സി ടി വിഭവങ്ങൾ ഉപയോഗിച്ച്* | ഫെബ്രുവരി - മാർച്ച് | അധ്യാപകൻ, കുട്ടികൾ | ഇല്ല |


jibin550@gmail.com

Downloaded from: https://textbooksall.blogspot.com/

## മലയാള ഭാഷ (Std IV)

| മധുരം മലയാളം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പി ക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്ന തുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

Downloaded from: https://textbooksall.blogspot.com/

| | | | | |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം...** | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളു മായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർ ശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| **രുചിച്ചറിയാം...** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാരുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

Downloaded from: https://textbooksall.blogspot.com/

## പരിസരപഠനം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ ഫോക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ- ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന ഭൂപട രചന സൂചികാനിർമ്മാണം കളം ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ടസശേ, പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

ഗണിതം Std IV അക്കാദമിക മാസ്റ്റർ പ്ലാൻ

മേഖല - ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ അനുകരണം ചെയ്യൽ - നടപ്പാക്കൽ - കളിനിർമ്മാണം (ഏണിയും പാമ്പും, [illegible]) സങ്കലനം - വ്യവകലനം (കച്ചവടക്കളി) | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം ഗണിതശാസ്ത്ര പഠനം രസകരമാക്കൽ - ക്രിയാത്മക ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത്) | ക്ലാസ് ടീച്ചർ | PTA |
| ഗണിത ലാബ് ഗണിത പഠന പ്രവർത്തനം സുഗമമാക്കൽ | ഗണിത ലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA |
| | | | | |

| | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതച്ചുമർ ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത പഠനോപകരണശില്പശാല പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| ഗണിത മേള ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാട്ടുകൾ പഠന ഉല്പന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | PTA |
| | | | | |

## മലയാളം UP തലം

### ലക്ഷ്യം

- മലയാളഭാഷാ പരമായ ശേഷികളുടെ വികസനം.
- ഒഴുക്കോടെയും തെറ്റില്ലാതെയും വായിക്കാനുള്ള ശേഷി നേടുന്നു.
- ആശയ വ്യക്തതയോടെ തെറ്റില്ലാതെ എഴുതാനുള്ള ശേഷി നേടുന്നു.
- വിവിധ വ്യവഹാര രൂപത്തിൽ ഉള്ള സൃഷ്ടികൾ, കൃതികൾ എന്നിവ വായിച്ച് ആസ്വദിക്കുന്നതിനുള്ള ശേഷി നേടുന്നു.
- വിവിധ സാഹിത്യ രൂപങ്ങളിലുള്ള സൃഷ്ടികൾ നടത്തുന്നതിനുള്ള ശേഷി നേടുന്നു
- ഗ്രാമീണ ഗ്രന്ഥശാലകളിലും സ്കൂൾ ലൈബ്രറിയിലുമുള്ള ഗ്രന്ഥങ്ങൾ വായിക്കാനും ആസ്വദിക്കാനുമുള്ള ശേഷി നേടുന്നു.

### പ്രവർത്തനങ്ങൾ

- പ്രീ ടെസ്റ്റ് നടത്തി കുട്ടികളുടെ നിലവാരം വിലയിരുത്തുന്നു.
- വായനയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് ക്ലാസ്സ് തല പ്രവർത്തനങ്ങൾ നടത്തുന്നു.
- വായനാ കാർഡ് കുട്ടികളുടെ നിലവാരമനുസരിച്ച് കൊടുക്കുന്നു.
- പത്രവായന, കഥാപുസ്തക വായന, ലൈബ്രറി പുസ്തക വായന, എന്നിവയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.
- ബാലസഭ സമയത്തിൽ വായനയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് ന്യൂസ് പേപ്പർ റീഡിംഗ് കഥാവായന, പുസ്തക പരിചയം എന്നിവ നടത്തുന്നു.
- അസംബ്ലിയിൽ, കവി പരിചയം, പുസ്തക പരി[illegible] വാർത്താ വായന, ദിനങ്ങളുടെ പ്രാധാന്യം, ഇന്നത്തെ ചിന്താ വിഷയം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നു.

ഭാഷാ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ വായനാ മത്സരം നടത്തുന്നു.

ആശയ വ്യക്തതയോടെ തെറ്റില്ലാതെ എഴുതുന്നതിനുള്ള ശേഷി നേടുന്നതിനായി വായനാ കാർഡ് നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ആസ്വാദനക്കുറിപ്പ്, വായനാക്കുറിപ്പ് ഇവ തയ്യാറാക്കുന്നു. ദിനാചരണങ്ങളുടെ ഭാഗമായി ചുവർ പത്രിക, പതിപ്പ്, പോസ്റ്ററുകൾ, മുദ്രാഗീതങ്ങൾ ഇവ തയ്യാറാക്കുന്നു.

സർഗ്ഗാത്മക ശേഷി വികസിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ വ്യവഹാര രൂപത്തിലുള്ള സൃഷ്ടികൾ വായിക്കുന്നു. ആസ്വദിക്കുന്നു.

വിവിധ വ്യവഹാര രൂപത്തിലുള്ള സാഹിത്യ സൃഷ്ടികൾ നടത്തുന്നു. ഒരു വ്യവഹാര രൂപത്തെ മറ്റു വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നു.

ഭാഷാ കൈയെഴുത്ത് മാസിക, തയ്യാറാക്കുന്നു. ഉപന്യാസ മത്സരം, കഥാ രചന, കവിതാ രചന എന്നിവയിൽ പരമാവധി കുട്ടികളെ പങ്കെടുപ്പിക്കുന്നു.

ACADEMIC MASTER PLAN . UP ENGLISH.

Aim

To speak, Read and write English without any mistakes.

Time - June to March.

Pretest.

To check the vocabulary and writing skills of pupils.

June and July.

. To develop listening skills and reading skills.

Listening skills.

1. Games, Action songs. Hello English activities.
2. Conversations, skit stories.

use ICT

Speaking skills.

1. Identify the naming words from the picture.
2. Identify the action words from the same pictures.
3. Make simple sentences using the action word and naming words about the picture.
4. Make symbol description about the picture.
5. Growing sentences, picture reading, self-Introduction, Assembly are also conducted.

ACTIVITIES.

:- Speech. book review, quiz riddles, self Introduction

August and September.

Develop the creative speaking and writing.

Reading skills.

1. News paper reading, library books reading, book review, reading breaking news.
2. find words.
3. Collect and read past tense.
4. rhyming words.
5. describing words etc.
6. Textbook activities.

Writing skills

1. Make word web.
2. Picture description with describing words.
3. word chain, sentence chain.
4. make words and sentences.
5. make riddles. conversations.
4. Add more lines.

ACTIVITIES.

speech, book review, quiz riddles, self-introduction, makes description magazines etc.

October and November.

To express thoughts, feelings etc.

Reading skill

1. Newspaper reading, library books reading, book review, reading.
2. Conversations, skit, stories use ICT
3 Reads news.
4. develop story.
5 Read notice.

Writing skills.
1. description.
2. Notice.
3. Thoughts.

ACTIVITIES.
speech, quiz riddles, makes magazines, skits

December and January.
1. Develop the creative speaking and writing
2. To express thoughts, feelings. etc.

Reading skill
1. News paper reading, library books reading, book review, reading.
2. Conversations, skit. stories. use ICT
3. Reads News.
4 develop story.
5. Reads diary.
6. Reads letters from friends.

Writing skills.
1. diary.
2. letter.
3. Announcement.

ACTIVITIES
speech, quiz, riddles, makes magazines, skits, class room post office etc.

February and March.
To improve the presentation power.

Reading skill
1. News paper reading, library books reading, book review reading

2. Conversations, skit, stories, use ICT
3. Reads News.
4 develop story
5. Reads diary.
6. Reads letters.

Writing Skills.
1. diary.
2. letter
3 Announcement
4. description.
5. notice
6. Thought.

ACTIVITIES.
Speech, quiz, riddles, makes magazines, skits, makes magazines, Exibition etc.

ഗവ. യു പി സ്കൂൾ കുന്ന മംഗലം

അക്കാദമിക് മാസ്റ്റർ പ്ലാൻ (ഹിന്ദി )

1. ഹിന്ദി വായന
ലക്ഷ്യം - യു പി തലത്തിലെ മുവ്വൻ വിദ്യാർത്ഥികൾക്കും ഹിന്ദി വാക്യങ്ങൾ വായിക്കാൻ സാധിക്കണം .

പ്രവർത്തനങ്ങൾ -

-ഹിന്ദി ഗ്രന്ഥശാല ഒരുക്കൽ-കുട്ടികളുടെ അധികവായന ലക്ഷ്യമാക്കി ക്കൊണ്ട് ഹിന്ദി പുസ്തകങ്ങൾ സമാഹരിച്ചുകൊണ്ട് ഹിന്ദി ഗ്രന്ഥശാല ഒരുക്കും .
വലിയ അക്ഷരങ്ങളോടുകൂടിയതും വർണ്ണചിത്രങ്ങൾ നിറഞ്ഞതുമായ ലളിതമായ ഹിന്ദി കഥാബുക്കുകൾ , ചിത്രകഥകൾ , ബാലമാസികകൾ എന്നിവ മുഖ്യമായും ഹിന്ദിസാഹിത്യരൂപങ്ങൾ പരിചയപ്പെടുത്തുന്നതിനായു ള്ള പുസ്തകങ്ങളും ഗ്രന്ഥശാലയില ലഭ്യമാക്കും .

-വായനാ കാർഡുകൾ തയ്യാറാക്കൽ - ഹിന്ദി അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനായി വായനാ കാർഡുകൾ തയ്യാറാക്കും . ഇവയിൽ പഴങ്ങൾ, പച്ചക്കറികൾ ,പക്ഷിമൃഗാദികൾ , വൃക്ഷങ്ങൾ എന്നിവയു ടെ ചിത്രങ്ങളും പേരുകളും ചേർക്കും .
രാഷ്ട്രനേതാക്കൾ , ഹിന്ദി സാഹിത്യകാരന്മാർ എന്നിവരുടെ ചിത്രങ്ങൾ ശേഖരിച്ച് പേരുകൾ ചേർത്ത് വായനക്കായി ഒരുക്കും .
ഹിന്ദിബാലഗീതങ്ങൾ ശേഖരിച്ച് വായനക്കായി തയ്യാറാക്കും
ദേശീയഗാനം , പ്രതിജ്ഞ , ഹിന്ദി അക്കങ്ങൾ , മാസങ്ങൾ എന്നിവയും സ്ഥി രമായി വായിക്കുന്നതിനായി പ്രത്യേകം തയ്യാറാക്കും .
- ബാലഗീതങ്ങൾ , കവിതാശകലങ്ങൾ , ലഘുപ്രസംഗങ്ങൾ എന്നിവയുടെ അവതരണത്തോടുകൂടി ക്ലാസ്സ് ആരംഭിക്കും.

2. ഹിന്ദി എഴുത്ത്

പ്രവർത്തനങ്ങൾ -
-കോപി ബുക്ക് - അധികവായന നടത്തുന്ന വിദ്യാർത്ഥികൾ പുസ്തകങ്ങളിൽ നിന്നുള്ള ഭാഗങ്ങൾ കോപി ബുക്കിൽ വൃത്തിയായി എഴുതും .
ബാലഗീതങ്ങൾ,കവിതകൾ എന്നിവ ശേഖരിക്കുന്നതിനും കോപി ബുക്ക് ഉപയോഗിക്കും .
-പ്രദർശന സാമഗ്രികൾ- ഓരോ ക്ലാസ്സിലും പ്രദർശിപ്പിക്കുന്നതിനായി വിദ്യാർത്ഥികൾ ചുമർ പത്രിക തയ്യാറാക്കും . A4 പേപ്പറിൽ തയ്യാറാക്കുന്ന ഇത്തരം രചനകൾ കൂട്ടിച്ചേർതത്ത് ക്ലാസ്സ് മാസികകൾ തയ്യാറാക്കും .
-രോശ്നി വർക്ക് ബുക്ക് - ഡയറ്റ് എറണാകുളം തയ്യാറാക്കിയിട്ടുള്ള രോശ്നി വർക്ക് ബുക്ക് ഉപയോഗപ്പെടുത്തി വിദ്യാർത്ഥികൾ ഭാഷാനിപുണികളും ഭാഷാവ്യവഹാരരൂപങ്ങളും അധ്യാപകന്റെ മേൽനോട്ടത്തിൽ പരിശീലിക്കും .

3. ഹിന്ദി ആസ്വാദനം -

പ്രവർത്തനങ്ങൾ

-വിദ്യാർത്ഥികൾക്ക് അവതരണരംഗത്ത് ശോഭിക്കുന്നതിനായി അവസരമൊരുക്കും . അവതരിപ്പിക്കുന്നതിനായി വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളും അധ്യാപകരും സന്നിഹിതരായിരി ക്കുന്ന വേദിയൊരുക്കും. മുഴുവൻ വിദ്യാർത്ഥികൾക്കും അവസരം ലഭിക്കുംവിധം അവതരണ പരിപാടികൾ നടത്തും .

4. ഹിന്ദി അസംബ്ളി

പ്രവർത്തനങ്ങൾ
- ആഴ്ചയിലൊരിക്കൽ ഹിന്ദിഅസംബ്ളി നടത്തും . ഓരോ ആഴ്ചയിലേയും അസംബ്ളി നടത്തേണ്ട ചുമതല നിശ്ചിത ക്ലാസ്സുകൾക്കായിരിക്കും . പ്രാർത്ഥന, പ്രതിജ്ഞ, വാർത്താപാരായണം , ജന്മദിനാശംസാഗീതം തുടങ്ങിയവയെല്ലാം ഹിന്ദി മാധ്യമത്തിലായിരിക്കും . അവതരണത്തിനുള്ള

അവസരം എല്ലാ വിദ്യാർത്ഥികൾക്കും ലഭിക്കും .

5.ഹിന്ദി മത്സരങ്ങൾ

പ്രവർത്തനങ്ങൾ

- ഹിന്ദിയിൽ പാടാനും പറയാനും എഴുതാനും മികവു പുലർത്തുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായി മത്സരങ്ങൾ നടത്തും . കഥാപൂരണം , കവിതാരചന, പ്രസംഗം , കവിതാപാരായണം , കവിതാരചന തുടങ്ങിയ മത്സരങ്ങൾ നടത്തും . മികവ് പുലർത്തുന്നവർക്ക് സമ്മാനങ്ങൾ നൽകും .

-ചമകതി ഹിന്ദി പ്രോത്സാഹന സമ്മാനം - ഓരോ ക്ലാസ്സിലേയും നിലവാരത്തിനനുസരിച്ച് നിശ്ചയിക്കപ്പെട്ട കഴിവുകൾ ആർജ്ജിക്കുന്ന വിദ്യാർത്ഥികൾക്ക് ചമകതി ഹിന്ദി എന്ന പേരിൽ പ്രോത്സാഹന സമ്മാനം നൽകും.

6. ദിനാചരണങ്ങൾ

പ്രവർത്തനങ്ങൾ

ഹിന്ദിദിനം, പരിസ്ഥിതി ദിനം , ശിശുദിനം എന്നിങ്ങനെ പ്രാധാന്യമുള്ള ദിവസങ്ങളിൽ ഹിന്ദി ഭാഷയിൽ പോസ്റ്റർ തയ്യാറാക്കി പ്രദർശിപ്പിക്കും . വിദ്യാർത്ഥികൾക്കായി നടത്തുന്ന പ്രവർത്തനങ്ങളിൽ ഹിന്ദിയുടെ സാന്നിധ്യം ഉറപ്പുവരുത്തും .

8.ഹിന്ദി ക്ലബ്ബ്

പ്രവർത്തനങ്ങൾ

- വിദ്യാലയത്തിലെ ഹിന്ദി ഭാഷാ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് വിദ്യാർത്ഥികളുടെ കൂട്ടായ്മയായി ഹിന്ദി ക്ലബ്ബ് രൂപീകരിക്കും ക്ലാസ്സ് തലത്തിലും വിദ്യാലയതലത്തിലും പ്രസിഡണ്ട് , സെക്രട്ടറി , മൂന്ന് കമ്മിറ്റി അംഗങ്ങൾ എന്നിങ്ങനെ അഞ്ച് ചുമതലക്കാർ ഉണ്ടാകും .

9. വിവരസാങ്കേതിക വിദ്യ

പ്രവർത്തനങ്ങൾ

ഹിന്ദി പഠനത്തിന് സഹായകരമായി ലഭിക്കുന്ന വിവിധ ദൃശ്യ, ശ്രാവ്യസാമഗ്രികൾ വിദ്യർത്ഥികളിൽ എത്തിക്കുന്നതിനായി വിവരസാങ്കേതിക വിദ്യ വിനിയോഗിക്കും
ഹിന്ദി ടൈപ്പിംഗിന്റെ പ്രാഥമിക പാഠങ്ങൾ വിദ്യാർത്ഥികൾക്ക് നൽകും .

10. ഹിന്ദി ഫെസ്റ്റ്

പ്രവർത്തനങ്ങൾ

ഹിന്ദി ദിനത്തോടനുബന്ധിച്ച് വിദ്യാലയത്തിൽ ഹിന്ദി ഫെസ്റ്റ് ആഘോഷപൂർവ്വം നടത്തും . ഹിന്ദി ഭാഷയിലോ അധ്യാപനത്തിലോ സാഹിത്യത്തിലോ പ്രസിദ്ധരായവരെക്കൊണ്ട് ഉൽഘാടനം നടത്തും . കൂടുതൽ പേർക്ക് പങ്കാളിത്തം ലഭിക്കുന്നതിനായി ഗ്രൂപ്പ് ഐറ്റമുകൾക്ക് പ്രാധാന്യം നൽകും

# അടിസ്ഥാനശാസ്ത്രം - UP

I

## ലക്ഷ്യങ്ങൾ

1. ശാസ്ത്രാഭിമുഖ്യവും പ്രക്രിയാശേഷിയും വളർത്തുക.
2. കുട്ടികളിലെ പരീക്ഷണ നിരീക്ഷണ പാടവം വളർത്തുക
3. ശാസ്ത്രപഠനത്തിന്റെ പ്രായോഗികതലങ്ങൾ സ്വായത്തമാക്കുക.

- ശാസ്ത്രീയ വിജ്ഞാനം രൂപപ്പെടുത്തുക
- ശാസ്ത്ര സംബന്ധിയായ നൂതനാശയങ്ങളെ സാമൂഹികമാക്കി മാറ്റുന്നു.
- ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കുക
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുക പ്രയോഗിക്കുകയും ചെയ്യുക
- പ്രതിഭകൾക്ക് വിദഗ്ധ പരിശീലനത്തിന് സഹായവും , ക്ലാസുകളും നൽകുന്നു.
- ശാസ്ത്രപഠനം രസകരമാക്കുന്നു.
- ശാസ്ത്ര ലാബിനെ സജ്ജീകരിക്കുന്നു.

II

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക
- ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുക.
- പ്രകൃതി പ്രതിഭാസങ്ങളെ വിശകലനം ചെയ്യുക.
- പ്രകൃതിയിലുള്ള മനുഷ്യന്റെ ഇടപെടലുകൾ വിവേകപൂർവ്വമാക്കുക.
- വ്യക്തിശുചിത്വവും സാമൂഹിക ശുചിത്വവും പാലിച്ചുകൊണ്ട് ശാരീരിക - മാനസിക - സാമൂഹിക ആരോഗ്യം കൈവരിക്കാൻ സഹായിക്കുക
- മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രാവബോധം വളർത്തുക
- ശാസ്ത്രത്തിന്റെ നേട്ടങ്ങളിൽ അഭിമാനിക്കുക -
- ശാസ്ത്രനേട്ടങ്ങൾ സാമൂഹ്യ നന്മയ്ക്കായി പ്രയോജനപ്പെടുത്തുക.

## പ്രവർത്തനങ്ങൾ

- ശാസ്ത്രാഭിരുചി വളർത്തുന്ന ലക്ഷ്യത്തിന്റെ ഭാഗമായി യൂണിറ്റിലെ പരീക്ഷണങ്ങളും പ്രവർത്തനങ്ങളും ചെയ്യുന്നതിനാവിശ്യമായ വസ്തുക്കളും ഉപകരണങ്ങളും കണ്ടെത്തുന്നു.

- കുട്ടികളിലെ പരീക്ഷണ നിരീക്ഷണ പാടവം വളർത്തുക, ശാസ്ത്രീയ മനോഭാവം വളർത്തുക എന്നിവയ്ക്കു വേണ്ടി ശാസ്ത്രതത്വങ്ങൾ എളുപ്പം മനസ്സിലാക്കാൻ ഉപകരിക്കുന്ന രസകരമായ ലഘുപരീക്ഷണങ്ങൾ അവതരിപ്പിച്ച് പ്രവർത്തനം രേഖപ്പെടുത്തുന്നു.

- ശാസ്ത്രപഠനത്തിന്റെ പ്രായോഗിക പാഠങ്ങൾ സ്വായത്തമാക്കുന്നതിലേക്കായി, ശാസ്ത്രചുവർ നിർമ്മാണം, ശാസ്ത്രജ്ഞരുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വാർത്തകൾ, കണ്ടെത്തലുകൾ തുടങ്ങിയവ ചുവർചിത്രങ്ങളും മാസികകളും തയ്യാറാക്കുന്നു

- സ്കൂളിലെ ശാസ്ത്രമേളയിൽ എല്ലാകുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ, ഉപജില്ലാതലത്തിൽ പരമാവധി കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു.

നൂതനാശയങ്ങൾ സ്വതന്ത്രമായി പങ്കിടുന്നതിന് ശാസ്ത്ര എക്സിബിഷനുകൾ, ചിത്രങ്ങൾ, മോഡലുകൾ മാഗസിനുകൾ എന്നിവ പ്രദർശിപ്പിക്കുന്നു

പ്രത്യക്ഷാനുഭവങ്ങളിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നതിനും ശാസ്ത്രപഠനം രസകരമാക്കുന്നതിനുമായി ശാസ്ത്രപ്രദർശനങ്ങൾ, വെബിനാർ പ്രദർശനങ്ങൾ എന്നിവ നിരീക്ഷിക്കുന്നതിനും ഫീൽഡ്‌ട്രിപ്പിനും അവസരമൊരുക്കുന്നു.

പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസ്സുകളും നൽകുന്നു.

ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ഡോക്യുമെന്ററി പ്രദർശനം, ക്വിസ്, പ്രസംഗ മത്സരം, ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ എന്നീ പ്രവർത്തനങ്ങൾ ചെയ്യുന്നു.

സ്കൂളും പരിസരവും പ്ലാസ്റ്റിക് വിമുക്ത മേഖലയാക്കാനുള്ള പ്രവർത്തനത്തിൽ പങ്കെടുക്കുന്നു.

## അക്കാദമിക മാസ്റ്റർപ്ലാൻ-2025-26

വിഷയം-സാമൂഹ്യശാസ്ത്രം ക്ലാസ് 5 – 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | മാസം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗ്രാമ നഗരപ്രദേശങ്ങളുടെ സംരക്ഷണം പ്രോത്സാഹിപ്പിക്കുക<br>സാമൂഹ്യപരിഷ്കരണം<br>ഗ്രാമങ്ങളും നഗരങ്ങളും അവയുടെ പ്രകൃതി സൗന്ദര്യങ്ങളും സാന്ദ്രതകളും അതിന്റെ സാംഗമ്യതകളും ചിത്രികരിക്കുക | ആൽബം തയ്യാറാക്കാം<br>ഗ്രാമ നഗരപ്രദേശങ്ങളുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കൽ | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| അറിവ് പ്രചരിപ്പിക്കുക<br>സാമൂഹ്യ പ്രവർത്തനങ്ങൾ പ്രകടമാക്കുക<br>സമൂഹത്തിന് വിവരണങ്ങൾ നൽകുക.<br>സാമൂഹ്യ സംവിധാനങ്ങൾ പ്രകടമാക്കുക.<br>സാമൂഹ്യ സ്വത്തുക്കളുടെ പ്രവർത്തനങ്ങൾ പ്രകടമാക്കുക | വീഡിയോ ഡോക്യുമെന്ററി<br>കുട്ടികൾ താമസിക്കുന്ന പ്രദേശത്തെ സാമൂഹിക സവിശേഷതകൾ ഉൾപ്പെടുന്ന വീഡിയോ ഡോക്യുമെന്ററി തയ്യാറാക്കൽ | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| വിഷയത്തിന്റെ വിശദീകരണം.<br>പഠനത്തിന്റെ വിവരങ്ങൾ നൽകുക.<br>ആശയങ്ങൾ പ്രത്യക്ഷപ്പെടുത്തുക.<br>പ്രകടനങ്ങൾ സൃഷ്ടിക്കുക | എന്റെ നാട്ടിലെ ഉല്ലാസങ്ങൾ<br>സെമിനാർ റിപ്പോർട്ട് അവതരണം | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക | സൈബർസുരക്ഷാ തരംഗ ക്ലാസ്<br>സൈബർസുരക്ഷയെ ക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ് | ജൂൺ | പി. ടി. എ | 1500/- |
| ഭക്ഷ്യമേള പ്രചാരണം ചെയ്യുക.<br>ഭക്ഷ്യമേളയുടെ പ്രത്യേകതകൾ പ്രതിപാദിക്കുക | ഭക്ഷ്യമേള<br>കുട്ടികളുടെ പരിസരത്തുനിന്ന് ലഭിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഉപയോഗിച്ച് മുതിർന്നവരുടെ സഹായത്തോടെ ഭക്ഷണം തയ്യാറാക്കി ക്ലാസിൽ കൊണ്ടുവരുന്നു. വിഭവങ്ങളുടെ വിവരണം. പങ്കിട്ടു കഴിക്കൽ. | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| വിദ്യാർത്ഥി കേന്ദ്രികരണം വളർത്തൽ.<br>വിദ്യാർഥികൾക്ക് പ്രതിഭാശാലിയാകാൻ അവകാശം നൽകുക.<br>സ്വതന്ത്രവും നീതിപൂർവകവുമായ തിരഞ്ഞെടുപ്പ് രീതി മനസ്സിലാക്കുന്നതിന് | സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ്<br>തിരഞ്ഞെടുപ്പിന്റെ വിവിധ ഘട്ടങ്ങൾ പാലിച്ചുകൊണ്ട് വിദ്യാലയത്തിൽ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തുന്നു | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| ഭക്ഷണരീതികളുടെ മാറ്റങ്ങൾ പ്രകടമാക്കുക.<br>ഭക്ഷണരീതികളുടെ പരിഷ്കരണ പ്രവർത്തികളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുക.<br>ഉപയോഗിക്കുന്ന ഭക്ഷണരീതികളുടെ വിവരങ്ങൾ പ്രസിദ്ധീകരിക്കുക.<br>ഭക്ഷണരീതികളുടെ പ്രത്യേകതകൾ, അനുയോജ്യതകൾ, പ്രധാന പ്രവർത്തനങ്ങൾ എന്നിവ പ്രതിപാദിക്കുക. | കൈയെഴുത്ത് പതിപ്പ്<br>'ഭക്ഷണരീതിയിൽ ഉണ്ടായ മാറ്റങ്ങൾ' എന്ന വിഷയത്തിൽ ഒരു കൈയെഴുത്ത് പതിപ്പ് തയ്യാറാക്കുന്നു. | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുക. | ചിത്രപ്രദർശനം<br>യുദ്ധം, വരൾച്ച, വെള്ളപ്പൊക്കം | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| ഭക്ഷ്യസുരക്ഷയുടെ പ്രത്യേകതകൾ പ്രകടമാക്കുക.<br>ഭക്ഷ്യസുരക്ഷാ സംവിധാനങ്ങൾ പ്രത്യേകിച്ച് പ്രകടമാക്കുക | തുടങ്ങിയ മനുഷ്യനിർമ്മിതവും അല്ലാത്തതുമായ ദുരന്തങ്ങൾ ലോകത്തിന്റെ ഭക്ഷ്യസുരക്ഷയ്ക്ക് ഭീഷണിയാകുന്ന ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു | | | |
| കരകൗശലം സംരക്ഷിക്കുക.<br>പുതിയ വിദ്യാർഥികൾക്ക് പരിചയപ്പെടാനുള്ള സാധ്യത സൃഷ്ടിക്കുക. | **മ്യൂസിയം ഒരുക്കാം**<br><br>കഴിഞ്ഞകാലങ്ങളിൽ ധാന്യസംഭരണത്തിനും ഭക്ഷണം പാകം ചെയ്യാനുമായി ഉപയോഗിച്ചിരുന്ന സംഭരണികൾ, പാത്രങ്ങൾ എന്നിവ ശേഖരിച്ച് വിദ്യാലയത്തിൽ ഒരു മ്യൂസിയം ഒരുക്കുന്നു | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| ആരോഗ്യകരമായ ഭക്ഷണശീലം സംരക്ഷിക്കുവാൻ വിഭിന്ന മാർഗ്ഗങ്ങളും വിധികളും പ്രദർശിപ്പിക്കുക.<br>ഭക്ഷണത്തിൽ സുരക്ഷാ പ്രകടനവും പരിശോധനയും.<br>ആരോഗ്യകരമായ ഭക്ഷണശീലത്തെ പ്രചരിപ്പിക്കുക | **ആരോഗ്യ പ്രവർത്തകരുമായി അഭിമുഖം**<br><br>'ആരോഗ്യകരമായ ഭക്ഷണശീലം 'എന്ന വിഷയത്തിൽ ആരോഗ്യ പ്രവർത്തകരുമായി അഭിമുഖം സംഘടിപ്പിക്കുന്നു. | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| നിർവ്വഹണങ്ങൾ ഉണ്ടാക്കാനുള്ള കഴിവുകൾ വികസിപ്പിക്കുക.<br>ഭാവിയിൽ സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് പ്രചോദനം നൽകുക. | **സ്വയംതൊഴിൽ സംരംഭം സന്ദർശനം**<br><br>സമീപത്തുള്ള സ്വയംതൊഴിൽ സംരംഭം സന്ദർശിച്ച് പ്രവർത്തനങ്ങൾ നിരീക്ഷിച്ച് കുറിപ്പ് തയ്യാറാക്കുന്നു. | ആഗസ്ത് | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| ഭാവിയിൽ സ്വന്തമായ അധികാരവും നിയന്ത്രണവും ഉപയോഗിച്ച് സ്വയം തൊഴിലിലേക്ക് എത്തുവാനും | **പ്രോജക്ട് തയ്യാറാക്കാം**<br>സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്ന സർക്കാർ പദ്ധതികളെക്കുറിച്ച് | ആഗസ്ത് | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| വികസിപ്പിക്കാനും അവസരം ഒരുക്കുക. | പ്രോജക്ട് തയ്യാറാക്കി അവതരിപ്പിക്കുന്നു | | | |
| വസ്ത്രനിർമ്മാണ രീതിയെക്കുറിച്ച് മനസ്സിലാക്കുക | **കൈത്തറി കേന്ദ്രം സന്ദർശനം**<br>പ്രദേശത്തെ ഏതെങ്കിലും കൈത്തറി കേന്ദ്രം സന്ദർശിച്ച് അവിടുത്തെ വസ്ത്ര നിർമ്മാണ രീതിയെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുന്നു. | സെപ്റ്റംബർ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| സമൂഹത്തിൽ അവശതയനുഭവിക്കുന്നവരെയും നിരാലംബരെയും സഹായിക്കാനുള്ള മനോഭാവം വളർത്തുക | **വസ്ത്രശേഖരണ കേന്ദ്രം സ്ഥാപിക്കൽ**<br>സ്കൂളിന് സമീപത്തുള്ള വയോജന മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ദുരിതാശ്വാസക്യാമ്പുകൾ എന്നിവിടങ്ങളിലേക്ക് പഴയതും വൃത്തിയുള്ളതുമായ വസ്ത്രങ്ങൾ ശേഖരിക്കുന്നു | സെപ്റ്റംബർ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| **ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക** | ഗ്രാമസഭയിലേക്ക്<br>ഗ്രാമസഭയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | ഒക്ടോബർ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |

# ഉപസംഹാരം

“മാർഗ്ഗരേഖ” അക്കാദമിക മാസ്റ്റർ പ്ലാൻ മുഖേന എല്ലാ വിഷയങ്ങളിലുമുള്ള പഠനവും പഠിപ്പിക്കുകയും ക്രമബദ്ധമായ രീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്നു. വിദ്യാർത്ഥികളുടെ അറിവ്, കഴിവ്, മൂല്യങ്ങൾ, സൃഷ്ടിപരത്വം എന്നിവ വളർത്തിപ്പിടിക്കാൻ സഹായിക്കുന്നതാണ് ഈ മാസ്റ്റർ പ്ലാൻ. പഠനത്തിൽ സമഗ്ര സമീപനം സ്വീകരിച്ച് ശാസ്ത്രീയവും പ്രായോഗികവുമായ അറിവ് നൽകാൻ ഇത് സഹായിക്കുന്നു. ഓരോ വിഷയത്തിനും പ്രത്യേകം രൂപകല്പന ചെയ്ത മാർഗ്ഗരേഖ വിദ്യാർത്ഥികളെ അക്കാദമികമായി ശക്തിപ്പെടുത്തുന്നതിനൊപ്പം സാമൂഹിക ഉത്തരവാദിത്വബോധമുള്ള പൗരന്മാരാക്കി വളർത്തുന്നു.

അതിനാൽ, “മാർഗ്ഗരേഖ” അക്കാദമിക മാസ്റ്റർ പ്ലാൻ എല്ലാ വിഷയങ്ങൾക്കും ഒരുമിച്ച് അറിവിന്റെയും കഴിവിന്റെയും സമഗ്ര വളർച്ചയ്ക്ക് വഴിയൊരുക്കുന്ന സമഗ്രമായ വിദ്യാഭ്യാസ രൂപരേഖയാണ്.